ജയിൽ ആസ്ഥാനകാര്യാലയം,
തിരുവനന്തപുരം-12
**തീയതി :31-05-2014**

**ഉത്തരവ് നമ്പർ നമ്പർ.106/ക്യാമ്പ്/ഡി.ജി.പി(പ്രിസൺസ്)/2014**

2014-2015 നടപ്പു വർഷത്തെ പദ്ധതികളിൽ ഏറ്റവും അടിയന്തിര പ്രാധാന്യം ചെലുത്തേണ്ട ഒന്നാണ് മിന്നലിൽ നിന്നും സംരക്ഷണം നൽകുന്ന സംവിധാനം സ്ഥാപിക്കൽ **സിസ്സാ** എന്ന സംഘടന (Centre for Innovation in Science and Social Action) മിന്നൽ അപകടങ്ങൾ തടയുന്നതിനായി നടത്തിയ പരിശീലന പരിപാടിയിൽ പങ്കെടുത്ത ശ്രീ. കുഞ്ഞുമോൻ, എനർജി മാനേജർ, സെൻട്രൽ പ്രിസൺ, തിരുവനന്തപുരം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് ജയിൽ വകുപ്പിൻെറ എല്ലാ കെട്ടിടത്തിലും മൃഗങ്ങളെ പാർപ്പിക്കുന്ന ഷെഡ്ഡുകളിലും, പ്രധാന ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ള കെട്ടിടങ്ങളിലും ഈ സംവിധാനം തയ്യാറാക്കാൻ നടപടി എടുക്കേണ്ടതാണ്. ഈ സംവിധാനം നിലവിൽ ഉണ്ടായിരുന്ന സെൻട്രൽ ജയിൽ പോലുള്ള സ്ഥാപനങ്ങളിൽ എർത്തിംഗ് കൊടുത്തിരുന്ന എർത്ത് റാഡ് ഏതോ കാലഘട്ടങ്ങളിൽ നഷ്ടപ്പെട്ടിരിക്കുന്നതിനാൽ അതിന് പകരമായി സ്റ്റെയിൻലെസ് സ്റ്റീൽ എർത്ത് റാഡുകൾ കൊടുക്കേണ്ടതാണ്.

വ്യാപകമായ ഇടിമിന്നൽ സംഭവങ്ങൾ നടക്കുന്നതിനാൽ അടിയന്തിര പ്രാധാന്യം നൽകി ഈ വർഷം ഈ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. ഇതിന് ആവശ്യമായ പണം ഈ വർഷം ലഭിക്കുന്ന പ്ലാൻ ഫണ്ടിൽ നിന്നും ഉപയോഗിക്കുന്ന വിധം പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

ടി.പി. സെൻ കുമാർ ഐ.പി.എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ്
ആൻറ് കറക്ഷണൽ സർവ്വീസസ്

പ്രോഗ്രം ആഫീസർ

പകർപ്പ് :എല്ലാ മേഖല ഡി.ഐ.ജി. മാർക്കും/
സൂപ്രണ്ട്, സെൻട്രൽ പ്രിസൺ, തിരുവനന്തപുരം/ തൃശൂർ/കണ്ണൂർ
സൂപ്രണ്ട്, ഓപ്പൺ പ്രിസൺ,നെട്ടുകാൽത്തേരി/ചീമേനി.